**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**
**കീം-2022**

**2022 ലെ കേരള എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലെ കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി, രജിസ്റ്റേർഡ് ട്രസ്റ്റ്, സഹകരണ ജീവനക്കാരുടെ മക്കൾ എന്നിവർക്കുള്ള സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

2022-23 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഏതാനും സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജുകളിൽ നിലവിലുള്ള നിശ്ചിത ശതമാനം കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിലേക്കും കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-ന്റെ കീഴിലുള്ള സർക്കാർ കോസ്റ്റ് ഷെയറിങ് എഞ്ചിനീറിങ് കോളേജുകളിൽ സഹകരണ ജീവനക്കാരുടെ മക്കൾക്കായി മാറ്റി വച്ചിട്ടുള്ള സീറ്റുകളിലേക്കും പരിഗണിക്കുന്ന വിദ്യാർത്ഥികളുടെ താത്ക്കാലിക ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണരുടെ www.cee.kerala.gov.in വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് മേൽ വെബ്സൈറ്റിലെ '**Candidate Portal**' ൽ ലിസ്റ്റ് കാണാവുന്നതാണ്. കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി/ട്രസ്റ്റ് ക്വാട്ട/സഹകരണ ജീവനക്കാരുടെ മക്കൾ എന്നിവർക്കുള്ള സീറ്റുകളിലേയ്ക്ക് യഥാസമയം ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികളെ മാത്രമേ പ്രസ്തുത സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റിന് പരിഗണിക്കു. താത്ക്കാലിക ലിസ്റ്റ് സംബന്ധിച്ചുള്ള സാധുവായ പരാതികൾ ഉണ്ടെങ്കിൽ ceekinfo.cee@kerala.gov.in എന്ന ഇമെയിലിൽ 28.09.2022 ഉച്ചക്ക് 12 മണിക്ക് മുൻപായി അറിയിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.09.27 19:20:56 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**27/09/2022**